# Dakshina Kerala Jam-iyyathul Ulama

H.O. Kollam

**ജുമുഅ പ്രഭാഷണം "അമാനത്ത് ആരാധനയിൽ" (06/01/17)**

**അവതരണം: സി.എ. മൂസാ മൗലവി MA MFB, Ph: 9447465648**

**اِنّا عَرَضنا الاَمانَةَ على السَّموات و الارْضِ و الجبالِ فَاَبَيْنَ اَنْ يَحْمِلْنَها وَ اَشْفَقْنَ مِنها وَ حَمَلَها الاِنسانُ اِنَّهُ كانَ ظَلُوما جَهولاً؛. ﴿احزاب ٧٢﴾**

അമാനത്തിന്റെ വിവിധ വശങ്ങളെ കറിച്ചാണ നാം സംസാരിച്ച് വരുന്നത്.

- അമാനത്തുകളുടെ കൂട്ടത്തിൽ ഏറ്റവും പഴക്കമുള്ളത് ആരാധനകളെ കുറിച്ച് മനുഷ്യൻ ഏറ്റെടുത്ത ചുമതലയാണ്. ആലമുൽ അർവാഹിൽ വെച്ച് ആകാശ ഭൂമികൾ പോലും ഏറ്റെടുക്കാൻ വിസമ്മതിച്ച വലിയൊരു ഉത്തരവാദിത്വം ഏറ്റെടുത്തതായി നാം റബ്ബിനോട് കരാർ പറയുകയുണ്ടായി.

**اِنّا عَرَضنا الاَمانَةَ على السَّموات و الارْضِ .....**

- ഇവിടെ അമാനത്ത് കൊണ്ടുദ്ദേശ്യം റബ്ബിന്റെ ആരാധകളെ പൂർത്തിയാക്കലാണ്.

**عن ابن عباس : يعني بالأمانة : الطاعة ، قال مجاهد وسعيد بن جبير والضحاك والحسن البصري وغير واحد: إن الأمانة هي الفرائض .وقال مالك : الأمانة ثلاثة : الصلاة ، والصوم والاغتسال من الجنابة . وكل هذه الأقوال لا تنافي بينها بل هي متفقة وراجعة إلى أنها التكليف (إبن كثير)**

- ഏതൊരു കാര്യവും താൽപര്യപൂർവ്വം നിർവ്വഹിക്കുമ്പോഴാണ് അത് സത്യസന്ധമാകുക. അല്ലാത്തവ കടമ തീർക്കലേ ആകുകയുള്ളൂ. നമ്മുടെ വീട്ടിൽ/ഓഫീസിൽ/ഷോപ്പിൽ ഒക്കെ താൽ പര്യത്തോടെ ജോലി ചെയ്യുന്നവരെ നമുക്ക് ഇഷ്ടമാണ്. അല്ലാഹുവും അങ്ങിനെ തന്നെ.

നബി(സ)ക്ക് ഏറ്റവും ഇഷ്ടപ്പെട്ട കാര്യം നിസ്കാരമായിരുന്നു. കാലിൽ നീരു കെട്ടുമ്പോഴും ആവേശ ത്തോടെ നിസ്കാരം തുടരമായിരുന്നു.

**عن أنس أن النبي صلى الله عليه وسلم قال: وَجُعِلَتْ قُرَّةُ عَيْنِي فِي الصَّلاةِ (ترمذي)**

- സമയമായാൽ ഉടൻ നിർവ്വഹിക്കൽ ഈ താൽപര്യത്തിന്റെ മികച്ച അടയാളമാണ്. നോമ്പുതുറ ക്കാൻ നേരത്തെ നാം തയാറായി കാത്തിരിക്കും. റമളാൻ കഴിഞ്ഞാൽ ബാങ്ക് വിളിച്ചാലും നാം തയാ റായി വരില്ല. ഇവിടെ നോമ്പുതുറയോടുള്ള ആഗ്രഹമാണ് നാം കാണുന്നത്. ആരാധനകളുടെ സ്വഭാവം അങ്ങിനെയാവണം.

**عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ قَالَ سَأَلْتُ النَّبِيَّ (ص) أَيُّ الْعَمَلِ أَحَبُّ إِلَى اللَّهِ قَالَ الصَّلَاةُ عَلَى وَقْتِهَا قَالَ ثُمَّ أَيٌّ قَالَ بِرُّ الْوَالِدَيْنِ قَالَ ثُمَّ أَيٌّ قَالَ الْجِهَادُ فِي سَبِيلِ اللَّهِ (متفق عليه)**

(ഇവിടെ ജിഹാദിനേക്കാളും നബി തങ്ങൾ മുന്തിച്ചത് സമയമായാലുടനെ നിസ്കരിക്കലാണ്)

- ആരാധനയിലെ അലസത അങ്ങേയറ്റം അപകടകരമാണ്.

فَوَيْلٌ لِلْمُصَلِّينَ * الَّذِينَ هُمْ عَنْ صَلاتِهِمْ سَاهُونَ

عن ابن عباس : .﴿ عَنْ صَلاتِهِمْ سَاهُونَ ﴾ الذين يؤخرونها عن أوقاتها (قرطبي)

ഇവിടെ നിസ്കരിക്കാത്തതല്ല പ്രശ്നം. നിസ്കരിച്ചിട്ടും നരക ശിക്ഷ ലഭിക്കുന്നു. കാരണം അലസത യാണ്. വരട്ടെ സമയമുണ്ടല്ലോ. നിസ്കരിക്കാം എന്ന് വിചാരിച്ച് വൈകിക്കുന്നവരെ കുറിച്ച് നബി(സ) പറഞ്ഞത് ശ്രദ്ധിക്കേണ്ടതാണ്.

عن أنس أن النبي صلى الله عليه وسلم قال: تِلْكَ صَلَاةُ الْمُنَافِقِ يَجْلِسُ يَرْقُبُ الشَّمْسَ حَتَّى إِذَا كَانَتْ بَيْنَ قَرْنَيِ الشَّيْطَانِ قَامَ فَنَقَرَهَا أَرْبَعًا لَا يَذْكُرُ اللَّهَ فِيهَا إِلَّا قَلِيلًا .(مسلم)

(=സൂര്യാസ്തമയത്തിന് ഇനിയും സമയമുണ്ട് എന്ന് പറഞ്ഞിരിക്കുകയും അസ്തമിക്കാറായാൽ എഴു ന്നേറ്റ് നാല് കൊത്ത് കൊത്തുകയും കുറച്ച് മാത്രം അല്ലാഹുവിനെ സ്മരിക്കുകയും ചെയ്യുന്ന നിസ്കാരം മുനാഫിഖിന്റെതാകുന്നു)
ഇന്ന് പലരും ഇത്തരക്കാരാണ്. വീടുകളിൽ സ്ത്രീകളും തഥൈവ. മുനാഫിഖ് എന്ന പ്രയോഗം നമ്മെ പേടിപ്പെടുത്തേണ്ടതാണ്.

➢ ഇബാദത്തുകളിൽ ശ്രദ്ധ പുലർത്തലും ഒന്നും നഷ്ടപ്പേടാതെ പൂർണ്ണത വരുത്തലും സത്യസന്ധ മായ അരാധനയുടെ ഭാഗമാണ്. വുളൂ/ റുകൂഅ്/ സുജൂദ്/പാരായണം ഇതിനെ കുറിച്ചെല്ലാം ഇപ്രകാരം വന്നിട്ടുണ്ട്. അത്തരക്കാർക്ക് വേണ്ടി നിസ്കാരം പ്രാർത്ഥിക്കും. മറിച്ചായാൽ ശപിക്കുക യും ചെയ്യും.

عن عُبادةَ بن الصامت:أنّ رسول الله (ص) كانَ يقول: مَنْ تَوَضَّأَ فَأَحْسَنَ الوضوء ثُمَّ قَامَ إِلَى الصَّلاةِ فَأَتَمَّ رُكوعَها وَسُجودَها والقِراءَةَ فيها قَالَتْ حَفِظَكَ الله كما حَفِظْتَنِي.....وإذا ضَيَّع وضوءَها وَركوعَها وسُجودَها والقِراءَة فِيها ، قالتْ ضَيَّعَكَ اللهُ كَمَا ضَيَّعْتَنِي....(طبراني)

➢ ഏറ്റവും വലിയ മോഷ്ടാവ് നിസ്കാരത്തിൽ മോഷണം നടത്തുന്നവനാണ് എന്ന് നബി(സ) പറയുകയുണ്ടായി. ഈ പറഞ്ഞത് നിസ്കരിക്കുന്നവരുടെ വാച്ചോ, മൊബൈലോ മോഷ്ടിക്കന്നയാളെ കുറിച്ചല്ല. നിസ്കാരത്തിൽ പലതും വിട്ടുകളയുന്നവരെ കുറിച്ചാണ്.

عن أبي قتادة : قال رسول الله (ص) أَسْوَأُ النَّاسِ سَرِقَةً الَّذِي يَسْرِقُ مِنْ صَلَاتِهِ قَالُوا: يَا رَسُولَ اللَّهِ، وَكَيْفَ يَسْرِقُ مِنْ صَلَاتِهِ؟ قَالَ: لَا يُتِمُّ رُكُوعَهَا وَلَا سُجُودَهَا (أحمد)

ഇക്കാര്യം എത്രത്തോളം നാം സൂക്ഷിക്കേണ്ടതുണ്ട് എന്ന് ചിന്തിക്കുക.

➢ ആരാധനകളിൽ ഇഖ്ലാസ് പുലർത്തലും സത്യസന്ധതക്ക് അനിവാര്യമായ ഗുണമാണ്. ഇവർക്കാ ണ് പരലോക വിജയമുള്ളത്.

قَدْ أَفْلَحَ الْمُؤْمِنُونَ * الَّذِينَ هُمْ فِي صَلَاتِهِمْ خَاشِعُونَ

➢ ഈ സദ്ഗുണങ്ങൾ പൂർത്തിയാക്കിയവരാണ് ഔലിയാക്കൾ. അവരിലെ ഉന്നത സ്ഥാനീയനാണ് ശൈഖ് ജീലാനി (റ).അവരുടെ വഫാത്തിന്റെ മാസമാണിത്. അവരെ സ്മരിക്കലും മദ്ഹ് പറയലും പുണ്യകർമ്മങ്ങളാണ്..

قال رسول الله (ص): اذْكُرُوا مَحَاسِنَ مَوْتَاكُمْ (أبو داود والترمذي والحاكم والبيهقي)

ഈ മഹാന്മരെ പോലെ ഇഖ്ലാസും സൂക്ഷമതയുള്ളവരായി നാമും ജീവിക്കുക. ഇരുലോക വിജയത്തിനും അത് കാരണമാകും.